**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 9** **23-01-2025 - ൽ മറുപടിയ്ക്ക്**

**കുട്ടികളിലെ അമിത മൊബൈൽ ഫോൺ ഉപയോഗം തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. വാഴൂർ സോമൻ** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | മൊബൈൽ ഫോണിന്റെ അമിതോപയോഗം ശാരീരികവും സാമൂഹികവും മാനസികവും സാമ്പത്തികവുമായ വശങ്ങളിൽ കുട്ടികളിൽ വിനാശകരമായ പ്രത്യാഘാതങ്ങൾക്ക് കാരണമാകുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. വനിത ശിശു വികസന വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പാക്കുന്ന ഡിസ്ട്രിക്ട് റിസോഴ്സ് സെന്ററുകൾ, പാരന്റിംഗ് ക്ലിനിക്കുകൾ, സ്കൂൾ കൗൺസിലിംഗ് സംവിധാനങ്ങൾ എന്നിവയിൽ വരുന്ന കേസുകൾ പരിശോധിച്ചതിൽ നിന്നും മൊബൈൽ ഫോണിന്റെ അമിതോപയോഗം ശാരീരികവും സാമൂഹികവും മാനസികവും സാമ്പത്തികവുമായ വശങ്ങളിൽ കുട്ടികളിൽ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നുണ്ടെന്ന് മനസ്സിലാക്കിയിട്ടുണ്ട്.<br><br>മൊബൈൽ ഫോണിന്റെ അമിത ഉപയോഗം കുട്ടികളിൽ ശാരീരികമായി പോഷകാഹാരക്കുറവ്, വ്യായാമത്തിന്റെ അഭാവം, മതിയായ ഉറക്കം ഇല്ലായ്മ എന്നിവയ്ക്ക് കാരണമാകുകയും ഇത് കുട്ടികളിൽ മസ്തിഷ്ക വികാസത്തിലെ കാലതാമസം, ദുർബലമായ പ്രതിരോധ സംവിധാനങ്ങൾ, വിട്ടുമാറാത്ത മറ്റ് ദീർഘകാല ആരോഗ്യ അവസ്ഥകൾ (Low muscle mass, Obesity) എന്നിവയിലേയ്ക്ക് നയിക്കുകയും ചെയ്യുന്നു.<br><br>ശാരീരിക ആരോഗ്യ പ്രശ്നങ്ങൾക്ക് പുറമെ പഠനത്തിലെ പിന്നോക്കാവസ്ഥ, പൊരുത്തപ്പെടൽ പ്രശ്നങ്ങൾ, വിഷാദരോഗം, ഉത്കണ്ഠ, അമിത മാനസിക സമ്മർദ്ദം, ആത്മഹത്യാ പ്രവണതകൾ, തുടങ്ങിയ ബിഹേവിയറൽ അഡിക്ഷൻ എന്ന വിഭാഗത്തിൽപ്പെടുന്ന ലഹരി ഉപയോഗത്തിന് തത്തുല്യമായ മാനസികാവസ്ഥ വരെ സൃഷ്ടിക്കുന്നുണ്ട്.<br><br>സാമൂഹിക ബന്ധങ്ങളിലുണ്ടാകുന്ന വിള്ളൽ, ഒറ്റപ്പെടൽ, സാമൂഹിക നൈപുണ്യങ്ങൾ |

| | | | |
|---|---|---|---|
| | | | ആർജിക്കുന്നതിലുള്ള ബുദ്ധിമുട്ട് എന്നിവയിലേയ്ക്കും മൊബൈൽ ഫോണിന്റെ അമിതമായ ഉപയോഗം നയിക്കുന്നു.<br><br>മൊബൈൽ ഫോണിന്റെ അമിതമായ ഉപയോഗം മൂലം കുട്ടികൾക്കുണ്ടാകുന്ന ശാരീരിക മാനസിക പ്രശ്നങ്ങളുടെ ചികിത്സ കുടുംബത്തിന് വലിയതോതിലുള്ള സാമ്പത്തിക നഷ്ടം ഉണ്ടാക്കുന്നു. |
| (ബി) | മണിക്കൂറുകൾ നീളുന്ന ക്ലാസ്, ഓൺലൈൻ ട്യൂഷൻ ഇങ്ങനെ കോവിഡ് കാലത്ത് തുടങ്ങിയ ശീലങ്ങളിൽ പലതും കുട്ടികൾ ഇപ്പോഴും പിന്തുടരുന്നതു മൂലവും ഓൺലൈൻ ഗെയിമുകളുടെയും സാമൂഹ്യ മാധ്യമങ്ങളുടെയും വർദ്ധിച്ചുവരുന്ന സ്വാധീനം മൂലവും കുട്ടികളിൽ പലരും മൊബൈൽ ഫോണിനോടുള്ള അമിതാസക്തിയ്ക്ക് ഇരയാകുന്നത് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | കോവിഡ് കാലത്ത് പൊതു വിദ്യാലയത്തിലെ കുട്ടികൾ അഭിമുഖീകരിച്ച മാനസികാരോഗ്യം സംബന്ധിച്ച പ്രശ്നങ്ങളെക്കുറിച്ച് പ്രത്യേകമായ പഠനം എസ്.സി.ഇ.ആർ.ടി സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ സ്കൂൾ കുട്ടികളിലുണ്ടാകുന്ന മാനസിക ആരോഗ്യപ്രശ്നങ്ങളുടെ വ്യാപനവും തോതും കണ്ടെത്തുന്നതിനും അത് എങ്ങനെയെല്ലാമാണ് മാനേജ് ചെയ്യപ്പെടുന്നതെന്നും മനസ്സിലാക്കുന്നതിനുവേണ്ടി വിപുലമായ ഒരു പഠനം എസ്.സി.ഇ.ആർ.ടി യുടെ ആഭിമുഖ്യത്തിൽ നടത്തുകയും റിപ്പോർട്ട് തയ്യാറാക്കി പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>കുട്ടികൾ അഭിമുഖീകരിച്ച വിവിധങ്ങളായ വെല്ലുവിളികൾ എന്തെല്ലാമാണെന്നും ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കേണ്ടതെന്നും സംബന്ധിച്ച നിർദ്ദേശങ്ങൾ ഈ പഠനം മുന്നോട്ടു വയ്ക്കുന്നു. |
| (സി) | കുട്ടികളും കൗമാരക്കാരും ആരോഗ്യകരമായ ഫോൺ ശീലങ്ങൾ മാതൃകയാക്കുന്നതിന് വേണ്ടിയും ആസക്തിയുടെ ഗുരുതരമായ കേസുകളിൽ ഇവർക്ക് മാനസികാരോഗ്യ പ്രൊഫഷണലുകളുടെ സഹായം ലഭ്യമാക്കുന്നതിന് വേണ്ടിയുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കുമോ; | (സി) | ഉണ്ട്. കുട്ടികളിലെ ഡിജിറ്റൽ ആസക്തിയുമായി ബന്ധപ്പെട്ട് വനിത ശിശു വികസന വകുപ്പ് മുഖേന ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ (ഓ.ആർ.സി.), പാരന്റിംഗ് ഔട്ട്റീച്ച് ക്യാമ്പുകൾ എന്നിവയിലൂടെ കുട്ടികൾക്കും രക്ഷാകർത്താക്കൾക്കും ബോധവൽക്കരണം നൽകുകയും ഡിജിറ്റൽ ആസക്തിയിൽ നിന്നും വിടുതൽ ചെയ്യുന്നതിന് സൈക്കോ സോഷ്യൽ സ്കൂൾ കൗൺസിലർമാർ, പാരന്റിംഗ് ക്ലിനിക് എന്നിവയിലൂടെ കൗൺസിലിംഗ് സേവനം നൽകുന്നതിനോടൊപ്പം ഗുരുതരമായ കേസുകൾ വകുപ്പിന്റെ ജില്ലാ റിസോഴ്സ് സെന്ററുകളിലൂടെയും ജില്ലാ മാനസികാരോഗ്യ പദ്ധതിയിലൂടെയും പരിഹരിച്ചു വരുന്നു. ഇതിനു പുറമെ വിവിധ നവമാധ്യമങ്ങളിലൂടെ ടി വിഷയത്തിൽ ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തി വരുന്നു. ഇത്തരം ഗുരുതരമായ പ്രശ്നങ്ങൾ അനുഭവിയ്ക്കുന്ന 15261 കുട്ടികൾക്ക് വകുപ്പിന്റെ നേതൃത്വത്തിലുള്ള ഡിസ്ട്രിക്ട് റിസോഴ്സ് സെന്ററുകളിലെ സൈക്യാട്രിസ്റ്റിന്റെയും ക്ലിനിക്കൽ |

സൈക്കോളജിസ്റ്റുകളുടെയും സേവനം പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

ആരോഗ്യ വകുപ്പിന്റെ കീഴിൽ കുട്ടികൾക്കും കൗമാരക്കാർക്കും ആരോഗ്യകരമായ ഫോൺ ശീലങ്ങൾ മാതൃകയാക്കുന്നതിന് വേണ്ടിയും ആസക്തിയുടെ ഗുരുതരമായ കേസുകളിൽ ഇവർക്ക് മാനസികാരോഗ്യ പ്രൊഫഷണലുകളുടെ (ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, സൈക്യാട്രിസ്റ്റ്, സോഷ്യൽ സയന്റിസ്റ്റ്) സഹായം ലഭ്യമാക്കുന്നതിന് വേണ്ടിയും മെഡിക്കൽ കോളേജുകളിലെ മനോരോഗ ചികിത്സാ വിഭാഗം ഒ.പി യിൽ പ്രത്യേക സൗകര്യങ്ങൾ ലഭ്യമാണ്. ഇത് കൂടാതെ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഞായറാഴ്ച ഒഴികെയുള്ള ദിവസങ്ങളിൽ ഇതിന് വേണ്ടിയുള്ള സൗകര്യങ്ങൾ ഡി-അഡിക്ഷൻ ഒ.പി യിലും ലഭ്യമാണ്. മാത്രമല്ല തിരുവനന്തപുരം എസ്.എ.റ്റി ആശുപത്രിയിലെ പീഡിയാട്രിക് വിഭാഗത്തിൽ പ്രവർത്തിക്കുന്ന ബിഹേവിയറൽ പീഡിയാട്രിക് ഒ.പി യിൽ ഇത്തരത്തിൽ മൊബൈൽ ആസക്തിയുള്ള കുട്ടികൾക്കും അവരുടെ മാതാപിതാക്കൾക്കും ആരോഗ്യകരമായ മൊബൈൽ ഉപയോഗം എങ്ങനെ സാധ്യമാക്കാമെന്ന് വിശദമാക്കുന്ന സൈക്കോ എഡ്യൂക്കേഷനും ഫാമിലി തെറാപ്പിയും, പേരന്റിംഗ് തന്ത്രങ്ങളും തെറാപ്പിയും നൽകാറുണ്ട്.

ആരോഗ്യവകുപ്പിന്റെ കൗമാരാരോഗ്യ പദ്ധതിയിലും, സ്കൂൾമാനസികാരോഗ്യ പദ്ധതിയിലും മാതാപിതാക്കൾക്ക് മൊബൈൽ അമിതാസക്തി/ അടിമത്വം ഉൾപ്പെടെയുള്ള മാനസികാരോഗ്യ പ്രശ്നങ്ങളെ നേരത്തെ തന്നെ കണ്ടെത്തുവാനും ആവശ്യമായ സഹായം തേടുവാനുള്ള ബോധവൽക്കരണവും നല്ല രക്ഷകർതൃത്വത്തിനുള്ള പരിശീലനവും നൽകി വരുന്നു. ഇങ്ങനെ കണ്ടെത്തുന്ന കുട്ടികൾക്ക് ആവശ്യമായ സഹായവും ചികിത്സയും ജില്ലാ/ജനറൽ/താലൂക്ക് ആശുപത്രികളിലെ സൈക്യാട്രി യൂണിറ്റുകൾ വഴിയും, സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലെ മാനസികാരോഗ്യ പരിപാടി ക്ലിനിക്കുകൾ വഴിയും നൽകി വരുന്നുണ്ട്.

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ കുട്ടികളുടെ മാനസികാരോഗ്യ സംബന്ധമായ പ്രശ്നങ്ങൾ ഏറ്റെടുക്കുന്നതിനും അവർക്ക് പിന്തുണ നൽകുന്നതിനും വേണ്ടി "സൗഹൃദ" എന്ന പേരിൽ ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ മേഖലയിൽ പ്രവർത്തിക്കുന്ന അധ്യാപകർക്ക് പരിശീലനം നൽകുന്നതിനു വേണ്ടി 'നന്മ പൂക്കുന്ന നാളേക്ക്' എന്ന

| | | | |
|---|---|---|---|
| | | | പേരിൽ ഹാൻഡ് ബുക്കുകളും എസ്.സി.ഇ.ആർ.ടി തയ്യാറാക്കിയിട്ടുണ്ട്. |
| (ഡി) | മൊബൈൽ ഫോണിനോടുള്ള അമിതാസക്തി ഉൾപ്പെടെയുള്ള കൗമാര ആരോഗ്യപ്രശ്നങ്ങൾക്ക് 'കേരള ഹെൽത്ത് സിസ്റ്റംസ് ഇംപ്രൂവ്മെന്റ് പ്രോഗ്രാം' എന്ന ബൃഹത്തായ കർമ്മപദ്ധതിയിൽ മുൻഗണന നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (ഡി) | 'കേരള ഹെൽത്ത് സിസ്റ്റംസ് ഇംപ്രൂവ്മെന്റ് പ്രോഗ്രാം' എന്ന കർമ്മപദ്ധതി നിർവ്വഹണം സംബന്ധിച്ച് അന്തിമ തീരുമാനമായിട്ടില്ല. |

സെക്ഷൻ ഓഫീസർ